പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 199 27.6.11 ൽ മറുപടിയ്ക്ക്

# കടലിലെ രക്ഷാ പ്രവർത്തനം

**ചോദ്യം**

ശ്രീ. എ.പ്രദീപ് കുമാർ

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കോഴിക്കോട് ജില്ലയിൽ കടൽക്ഷോഭത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ | കോഴിക്കോട് ജില്ലയിൽ കടലിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ഒരു ബോട്ട് പ്രവർത്തിപ്പിച്ചുവരുന്നു. ടി ബോട്ട് ട്രോളിംഗ് നിരോധന കാലയളവിനു ശേഷം അടുത്ത ട്രോൾബാൻ വരെയാണ് ഉപയോഗിക്കുന്നത്. എന്നാൽ മൺസൂൺ കാല കടൽ രക്ഷാ പ്രവർത്തനത്തിന് മാത്രമായി 3 ബോട്ടുകളും ഒരു ഫൈബർ തോണിയും വാടകക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ രൂപീകരിച്ച കടൽ സുരക്ഷാ സേനയിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 9 യുവാക്കൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (NIWS) എന്ന സ്ഥാപനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇവയുടെ സേവനം കടൽരക്ഷാപ്രവർത്തനത്തിന് ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ കോഴിക്കോട് പോർട്ട് ഓഫീസിന്റെ പരിധിയിലുള്ള ബേപ്പൂർ തുറമുഖത്ത് കടൽ രക്ഷാപ്രവർത്തനത്തിന് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന പോർട്ട് കൺട്രോൾ റൂം 1-6-2011 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ( 0495-2414039, VHF Channel -16), കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ |

| | | | |
|---|---|---|---|
| | | | നിന്നും അറിവ് ലഭിക്കുന്ന മുറയ്ക്ക് മറ്റു തുറമുഖ ഓഫീസുകളിലേക്ക് വിവരം അറിയിച്ച് കടലിൽ പോകുന്നവർക്ക് കാലാവസ്ഥ മുന്നറിയിപ്പ് നൽകാറുണ്ട്. |
| ബി | രക്ഷാപ്രവർത്തനത്തിനായി ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര രക്ഷാ ബോട്ടുകൾ ഉണ്ടെന്ന് വിശദമാക്കുമോ; | ബി | കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെ ഉടമസ്ഥതയിൽ രക്ഷാബോട്ടുകൾ നിലവിലില്ല.<br><br>എന്നാൽ ബേപ്പൂരിൽ കോസ്റ്റ് ഗാർഡിന് IC. 115, IC .116, IC . 144 എന്നീ രക്ഷാബോട്ടുകളും കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ കീഴിൽ രണ്ട് 1210 ബോട്ടും, ഒരു 510 ബോട്ടും രക്ഷാപ്രവർത്തനത്തിനായി ഉണ്ട്. |
| സി | ഈ ബോട്ടുകളിലെ ജീവനക്കാർക്ക് രക്ഷാപ്രവർത്തനത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ? | സി | രക്ഷാ പ്രവർത്തനത്തിന് പരിശീലനം ലഭിച്ച യുവാക്കളെ വാടകയ്ക്കെടുത്ത പട്രോളിംഗ് ബോട്ടുകളിൽ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ